പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 107 13.12.2012-ൽ മറുപടിക്ക്.

## വിദ്യാഭ്യാസ മേഖലയിലെ സാമ്പത്തിക അച്ചടക്കം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ; റ്റി.എ. അഹമ്മദ് കബീർ :<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ :<br>ശ്രീ. എൻ.എ നെല്ലിക്കുന്ന് : | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

---

| | |
|---|---|
| (എ) സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം ക്രമീകരണങ്ങൾ നടത്തുകയുണ്ടായി എന്ന് വിശദമാക്കുമോ; | (എ) സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയിൽ പദ്ധതികൾ കുറവുചെയ്തു കൊണ്ടുള്ള ക്രമീകരണങ്ങൾ യാതൊന്നും നടപ്പിലാക്കിയിട്ടില്ല. മുൻ വർഷങ്ങളേക്കാൾ പൊതു വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ പദ്ധതി വിഹിതം നടപ്പു വർഷവും ലഭിക്കുകയുണ്ടായി. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി ഉന്നത വിദ്യാഭ്യാസ മേഖലയെ ബാധിക്കാതിരിക്കുന്നതിനായി 2012- 13 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ 38 ഗവ. ആർട്സ് ആന്റ് സയൻസ്, സംസ്കൃത കോളേജുകളിൽ ബിരുദ ബിരുദാനന്തര മേഖലയിൽ ഏകദേശം 55 പുതിയ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ ക്രമീകരണങ്ങൾ വിദ്യാർത്ഥി കളുടെ പഠന നിലവാരത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ, വിശദമാക്കുമോ; | (ബി) സാമ്പത്തിക അച്ചടക്കത്തിന്റെ ഭാഗമായി പദ്ധതികൾ വെട്ടികുറച്ചു കൊണ്ടുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താത്തതുകൊണ്ട് വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ദോഷകരമായി ബാധിച്ചിട്ടില്ല. |
| (സി) ഇല്ലെങ്കിൽ ഈ സർക്കാർ പുതുതായി ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ മൂലം എന്ത് സാമ്പത്തികനേട്ടം ഉണ്ടാക്കാനായി എന്ന് വ്യക്തമാക്കുമോ? | (സി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ, എസ്.സി.ഇ.ആർ.ടി എന്നിവിടങ്ങളിലെ ഡയറി പ്രിന്റിംഗ് ഒഴിവാക്കിയതു മൂലം ചെലവ് ചുരുക്കിയ തുക മറ്റു വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ